# അല്ലാഹുവെകൊണ്ട് സത്യം ചെയ്താൽ തൃപ്തിപ്പെടൽ

ഇബ്നു ഉമർﷺവിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«لاَ تَحْلِفُوا بِآبَائِكُمْ. مَنْ حَلَفَ بِاللّهِ فَلْيَصْدُقْ. وَمَنْ حُلِفَ لَهُ بِاللّهِ فَلْيَرْضَ. وَمَنْ لَمْ يَرْضَ بِاللّهِ, فَلَيْسَ مِنَ اللّهِ».

“നിങ്ങൾ നിങ്ങളുടെ പിതാക്കളെ കൊണ്ട് സത്യം ചെയ്യരുത്. ആരെങ്കിലും അല്ലാഹുവിൽ സത്യം ചെയ്യുന്നുവെങ്കിൽ അവൻ സത്യസന്ധത പുലർത്തട്ടെ. ഒരാളോട് അല്ലാഹുവിൽ സത്യം ചെയ്ത് ഒരുകാര്യം പറഞ്ഞാൽ അയാൾ അതിൽ തൃപ്തിപ്പെടട്ടെ. ആര് അത് തൃപ്തിപെടുന്നില്ലയോ അവൻ അല്ലാഹുവിൽ (അല്ലാഹുവിന്റെ കക്ഷിയിൽ) പെട്ടവനല്ല.”[1]

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- പിതാക്കളെ കൊണ്ട് സത്യം ചെയ്യുന്നതിലുള്ള നിരോധനം.
- അല്ലാഹുവെക്കൊണ്ട് ആരോടാണോ സത്യം ചെയ്തത് അത് തൃപ്തിപ്പെടുവാനുള്ള കല്പന.
- അല്ലാഹുവെക്കൊണ്ട് ആരോടാണോ സത്യം ചെയ്തത് അത് തൃപ്തിപ്പെടാത്തവർക്കുള്ള മുന്നറിയിപ്പ്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

[1] സുനനു ഇബ്നി മാജ. അൽബാനി ഹദീഥിനെ ‘സ്വഹീഹ്’’ ആക്കിയിരിക്കുന്നു.